**പതിമൂന്നാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**
**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.86**
**08.02.2016 ലെ മറുപടിയ്ക്ക്**

## ആസ്തിവികസന ഫണ്ട്

| ചോദ്യം.<br>ശ്രീ. കെ. അജിത് | | ഉത്തരം.<br>ശ്രീ. ഉമ്മൻചാണ്ടി (ബഹു: മുഖ്യമന്ത്രി) |
|---|---|---|
| (എ) | ആസ്തിവികസന ഫണ്ടിൽ പൂർത്തിയാക്കിയ ജോലികൾക്ക് പണം ലഭിക്കുവാൻ വൈകുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ഉണ്ട്. അക്രഡിറ്റഡ് ഏജൻസികൾ മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികൾക്ക് പണം അനുവദിക്കുന്നതിലുള്ള കാലതാമസം ഒഴിവാക്കാൻ ധനകാര്യ വകുപ്പ് ജി.ഒ (പി) നം. 213/2015/ഫിൻ തീയതി 05.06.2015 എന്ന ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരം ധനകാര്യ വകുപ്പിൽ ലഭിക്കുന്ന പ്രൊപ്പോസലുകൾക്ക് താമസം-വിനാ ഫണ്ട് അനുവദിച്ച് വരുന്നുണ്ട്. |
| (ബി) | പൊതുമേഖലാ സ്ഥാപനങ്ങൾ മുഖേന നിർവ്വഹണം നടത്തുന്ന പ്രവർത്തികൾക്ക് പണം ലഭിക്കുന്നതിന് വൈകുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്; | |
| (സി) | പൊതുമേഖലാ സ്ഥാപനങ്ങൾ വഴി നടപ്പാക്കുന്ന പ്രവർത്തികൾക്ക് എത്ര ശതമാനം തുകയാണ് മുൻകൂർ നൽകുന്നതെന്ന് വ്യക്തമാക്കുമോ; | 30.07.2014 -ലെ ജി.ഒ (പി) നം. 311/14/ഫിൻ പ്രകാരം അക്രഡിറ്റഡ് ഏജൻസികൾ മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികൾക്ക് പദ്ധതി ചെലവിന്റെ 20% -ൽ കവിയാത്ത തുക മുൻകൂറായി നൽകുന്നുണ്ട്. പ്രവർത്തന പുരോഗതി-യനുസരിച്ച് ബാക്കി തുകയും ഇൻസ്റ്റാൾ-മെന്റായി അനുവദിക്കുന്നു. |
| (ഡി) | തദ്ദേശസ്വയംഭരണ വകുപ്പുവഴിയും പൊതുമേഖലാസ്ഥാപനങ്ങൾ വഴിയുമുള്ള പ്രവർത്തികൾക്ക് ഏതുവിധേനയാണ് ബില്ലുകൾ നൽകേണ്ടതെന്നും ഇതിന് പണം ലഭിക്കുവാൻ എത്ര കാലതാമസമാണ് ഉണ്ടാകുന്നതെന്നും വെളിപ്പെടുത്തുമോ? | തദ്ദേശ സ്വയം ഭരണ വകുപ്പ് വഴി നടപ്പിലാക്കുന്ന പ്രവൃത്തികൾക്ക് LSGD ചീഫ് എഞ്ചിനീയറാണ് ബിൽ തുക മാറി നൽകുന്നത്.<br>തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ പൊതു മേഖല സ്ഥാപനങ്ങളെ ഏൽപ്പിക്കുന്ന പ്രവർത്തികൾക്ക് ഫണ്ട് ഡെപ്പോസിറ്റ് ചെയ്യുന്നത് LSGD ചീഫ് എഞ്ചിനീയർ തന്നെയാണ്.<br>തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ കീഴിലല്ലാതെയുള്ള വകുപ്പുകളിൽ പൊതു മേഖലാസ്ഥാപനങ്ങൾ പ്രവൃത്തി ചെയ്യുകയാ-ണെങ്കിൽ അവയുടെ ബില്ലുകൾ മാറി നൽകുന്നതിനുള്ള ശുപാർശ, ഭരണ വകുപ്പ്/വകുപ്പ് തലവൻമാർ മുഖേന ധനകാര്യ വകുപ്പിൽ സമർപ്പിക്കുന്ന മുറയ്ക്ക് തുക മാറി നൽകാൻ ധനകാര്യ വകുപ്പിൽ നിന്നും ഉത്തരവ് നൽകി വരുന്നുണ്ട്. ഇതിനു കാലതാമസം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

**അക്കൗണ്ട്സ് ഓഫീസർ**